പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. T 2555 | 14.12.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ മെഡിക്കൽ ലബോറട്ടറികളുടെ ഗുണനില വാരം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശ ങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്തിന്റെ മെഡിക്കൽ ലബോറട്ടറി കളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിലവിൽ സേഫ് കേരള പദ്ധതിയുടെ ഭാഗമായി തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം-1955 , മദ്രാസ് പൊതുജനാരോഗ്യനിയമം- 1939 എന്നിവ ഉപയോഗിച്ച് ആരോഗ്യ വകുപ്പ് നടപടി എടുക്കുന്നു. ഇതു കൂടാതെ കേരളാ പഞ്ചായത്തിരാജ് ആക്ട് മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഉപയോഗിച്ചും വീഴ്ച വരുത്തുന്ന വർക്കെതിരെ കർശന നടപടി എടുത്തു വരുന്നു. സംസ്ഥാനത്തെ ഗവ. മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം മെച്ചപ്പെടു ത്തുന്നതിന് കെട്ടിടങ്ങളും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനാവശ്യമായി നടപടികൾ കൈക്കൊണ്ടുവരുന്നു. നൂതന ലബോറട്ടറി പരിശോധനകളായ ന്യൂബോൺ |

| | | | |
|---|---|---|---|
| | | | സ്ക്രീനിംഗ് ടെസ്റ്റ് മുതലായവ ആധുനിക ഉപകരണത്തിന്റെ സഹായത്തോടെ സ്റ്റേറ്റ് പബ്ളിക് ഹെൽത്ത് ക്ലിനിക്കൽ ലാബിലും റീജിയണൽ പി.എച്ച്. ലാബുകളിലും ചെയ്തുവരുന്നു.<br>സേഫ് കേരളാ പ്രോഗ്രാമിന്റെ ഭാഗമായി 27/02/15 ന് 14 ജില്ലകളിലും 454 ടീമുകളിലുമായി 2246 ജീവനക്കാർ 2055 ക്ലിനിക്കൽ ലബോറട്ടറികൾ (71 സ്കാനിംഗ് സെന്ററുകൾ, 167 എക്സ്റേ യൂണിറ്റുകൾ ഉൾപ്പെടെ) പരിശോധിച്ച് അതിൽ 273 സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായും 484 പേർ ലബോറട്ടറിയുമായി ബന്ധപ്പെട്ട അംഗീകൃത യോഗ്യത ഇല്ലാത്തവരാണെന്നും 59 പേർ എക്സ്റേ യൂണിറ്റിൽ യോഗ്യതയില്ലാത്തവരാണെന്നും കാണപ്പെട്ടു. 266 സ്ഥാപനങ്ങളിൽ ആവശ്യത്തിന് അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതിരുന്നു. ഗുണനിലവാരമില്ലാത്ത ടെസ്റ്റുകളും രാസവസ്തുക്കളും 218 സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതായും 47 സ്ഥാപനങ്ങളിൽ അണുവിമുക്തമാകാത്ത ഉപകരണങ്ങൾ ഉപയോഗിക്കുന്നതായും കണ്ടെത്തി. 356 സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് കൊടുത്തു. 48 എണ്ണം അടച്ചുപൂട്ടി. 13 എണ്ണത്തിൽ നിന്നും |

| | | | |
|---|---|---|---|
| | | | പിഴ ഈടാക്കി. 26/06/2015 ന് 503 സ്കാനിംഗ് സെന്ററുകളും 20 ജനറ്റിക് ക്ലിനിക്കുകളും ഉൾപ്പെടെ 523 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിനെ തുടർന്ന് 48 സ്ഥാപനങ്ങൾ ക്കെതിരെ നോട്ടീസ് കൊടുത്തു. 14 എണ്ണം അടച്ചുപൂട്ടി. പി.സി& പി.എൻ ഡി.റ്റി ആക്ട് ഉപയോഗിച്ചാണ് അടച്ചുപൂട്ടിയത്. 08/12/15 ൽ തിരുവനന്തപുരത്ത് 2639 ജീവനക്കാർ ഉൾപ്പെടുന്ന 538 ടീമുകൾ പരിശോധന നടത്തി ആകെ 2224 സ്വകാര്യലാബു കളിലാണ് പരിശോധന നടത്തിയത്. പരിശോധനയിൽ വീഴ്ച വരുത്തിയ 48 ലാബുകൾ അടച്ച് പൂട്ടി. കൂടാതെ 565 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. |
| ബി) | ഇതിനായി മുൻ സർക്കാർ കൊണ്ടുവന്നിട്ടുള്ള പാരാ മെഡിക്കൽ ബിൽ ഈ സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദമാക്കുമോ? | ബി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ